ONDC
Open Network for Digital Commerce

# ഓൺലൈൻ ബിസിനസ്

എളുപ്പമുള്ളതും സുതാര്യവും ആക്കിയിരിക്കുന്നു




## സുരേഷ്...



ഈ കഥ സുരേഷിന്റെയും (ഒരു
ഓഫ്‌ലൈൻ സെല്ലർ) കമലയുടെയും
(ഒരു ഓൺലൈൻ സെല്ലർ) ജീവിത
മാണ് പിന്തുടരുന്നത്. അടുത്തകാല
ത്തായി ഇരുവരും അവരുടെ
ബിസിനസിൽ പ്രശ്നങ്ങൾ നേരിട്ടുവ
രികയാണ്. അവരുടെ സുഹൃത്ത്
രാജു ഒഎൻഡിസി നെറ്റ്‌വർക്ക്
യുമായി അവരെ പരിചയപ്പെടുത്തു
ന്നതു വരെ ഇത് തുടർന്നു. അവ
രുടെ ജീവിതം പരിവർത്തനവിധേയ
മാക്കുന്നതിൽ ഒഎൻഡിസി
എങ്ങനെസഹായിച്ചു എന്നു നമു
ക്കൊന്നു നോക്കാം.


## കമല...



സുരേഷ് തന്റെ കുടുംബത്തോടൊപ്പം ഗ്രാമത്തിലാണ് ജീവിക്കുന്നത്. അയാൾ കരകൗശലവസ്തുക്കൾ ഉണ്ടാക്കി പ്രാദേശിക മാർക്കറ്റിൽ വിൽക്കുന്നു. അടുത്തകാലത്തായി അയാളുടെ ബിസിനസ് നഷ്ടത്തിലാണ് നടക്കുന്നത്.





ഈ ചിന്തകളാൽ അസ്വസ്ഥനായ സുരേഷ് അല്പം ആശ്വാസം തേടി മാർക്കറ്റിലേക്കു പോകാൻ തീരുമാനിക്കുന്നു.


സുരേഷ് സ്ഥലത്തെ ചന്തയിലേക്കു പോകുന്നു. അയാൾ സ്വന്തം ചിന്തകളിൽ മുഴുകിക്കഴിയുകയാണ്, പെട്ടെന്ന് ആരോ അയാളുടെ തോളിൽ തട്ടി...
ഹേ സുരേഷ്, എന്തൊക്കെയാണ് വിശേഷങ്ങൾ? ബിസിനസ് എങ്ങനെപോകുന്നു?
ഹായ് രാജു! ബിസിനസ് ശരിക്കും അത്ര നല്ല നിലയിലല്ല. കട വാടക വളരെ കൂടുതലാണ് അധികം കസ്റ്റമർസുമില്ല. കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നത് വിഷമകരമാകുകയാണ്.
സുരേഷ്. നീയെന്താ ഒഎൻഡിസി നെറ്റ്‌വർക്കിൽ ചേരാത്തത്?

# എന്താണ് ഒഎൻഡിസി?


ഒഎൻഡിസി വാങ്ങുന്നവർക്കും വിൽക്കുന്നവർക്കും വേണ്ടി ഒരു ഓപ്പൺ നെറ്റ്‌വർക്ക് പ്രാപ്തമാക്കുകയാണ്. ഒരു സിംഗൾ നെറ്റ്‌വർക്ക് മുഖേനഎല്ലാ ബയർസും സെല്ലർസും ബന്ധിപ്പിക്കപ്പെടുന്നു, അവരുടെ വലിപ്പമോ എവിടെനിന്നാണ് അവർ പ്രവർത്തനം തിരഞ്ഞെടുത്തിരിക്കുന്നത് എന്നതോ പരിഗണിക്കാതെ തന്നെ.






എങ്ങനെയാണ് താൻ ഇ-കൊമർസ് പ്ലാറ്റ്ഫോമുകളിൽ ഉയർന്ന കമ്മീഷൻ കൊടുത്തുവരുന്നതെന്നും പേമന്റ് സമയത്തിന് കിട്ടാറില്ലെന്നും കമല അയാളോടു പറയുന്നു. അവൾക്ക് മാറാൻ ആഗ്രഹമുണ്ടെങ്കിലും, ഒരു പുതിയ ഇ-കൊമർസ് പ്ലാറ്റ്ഫോമിൽ കൂടുതൽ ഉയർന്ന കമ്മീഷൻ കൊടുക്കേണ്ടി വരികയും വ്യവസ്ഥകളിലും ഉപാധികളിലും മാറ്റം വരികയും ചെയ്യുമോ എന്ന് അവൾക്ക് ഉറപ്പില്ല.

താൻ രാജുവിനെകണ്ടുമുട്ടിയതിനെപ്പറ്റി സുരേഷ് കമലയോടു പറയുന്നു, എന്താണ് ഒഎൻഡിസി നെറ്റ്‌വർക്ക് എന്നും എങ്ങനെയാണ് അതിന് അവരെ സഹായിക്കാൻ കഴിയുന്നതെന്നും ചുരുക്കത്തിൽ വിശദീകരിക്കുന്നു.



സുരേഷും കമലയും രാജുവും ഗ്രാമത്തില ഗ്രൗണ്ടിൽ ഒത്തുകൂടിയിരിക്കുന്നു. കൃത്യസമയത്തു തന്നെ, സെല്ലർ നെറ്റ്‌വർക്ക് പാർട്ടിസിപ്പന്റ് ടീം എത്തിച്ചേരുന്നു.





**ഒഎൻഡിസി നെറ്റ്‌വർക്കിന്റെ പ്രയോജനങ്ങൾ**

നിങ്ങൾ വിൽക്കുന്നത് ഓഫ്‌ലൈനിൽ ആണെങ്കിൽ, ഒഎൻഡിസി നെറ്റ്‌വർക്ക് ചെയ്യുന്നത്:

- നിങ്ങളുടെ ബിസിനസിന് ഉയർന്ന സാന്നിധ്യം ഉറപ്പാക്കുന്നു
- നിങ്ങളുടെ ബിസിനസിനെബാധിക്കാതെ, വിൽപ്പനക്കാരുടെ ആപ്ലിക്കേഷനുകൾ മാറാൻ നിങ്ങളെ അനുവദിക്കുക.
- ബിസിനസിന്റെ പ്രവർത്തനചെലവുകൾ കുറയ്ക്കുന്നു

നിങ്ങൾ വിൽക്കുന്നത് ഓൺലൈനിൽ ആണെങ്കിൽ, ഒഎൻഡിസി നെറ്റ്‌വർക്ക് ചെയ്യുന്നത്:


- എല്ലാ വില്പനക്കാർക്കും ന്യായമായ തുല്യ അവസരങ്ങൾ വാഗ്ദാനം ചെയ്യുന്നു
- ഇന്ത്യയിലുടനീളമുള്ള ബയർസുമായി നിങ്ങളെ ബന്ധിപ്പിക്കുന്നു
- യഥാസമയത്ത് പേമന്റുകൾ ഉറപ്പാക്കുന്നു




**ചേരുന്നതിനുള്ള സ്റ്റെപ്പുകൾ:**

- **KYC** – വ്യക്തിപരമായ തിരിച്ചറിയലിന്
- **GST** – സാധനങ്ങളും സേവനങ്ങളും വിൽക്കുന്നതിനുള്ള നികുതി
- റദ്ദാക്കിയ ചെക്ക് – ബാങ്ക് അക്കൗണ്ട് വിവരങ്ങൾക്ക്
- നിങ്ങളുടെ രേഖകൾ സമർപ്പിക്കുക
- ഏതെങ്കിലും സെല്ലർ ആപ്ലിക്കേഷനിൽ ലോഗ് ഇൻ ചെയ്യുക
- വിലകൾക്കൊപ്പം ഓൺലൈനിൽ നിങ്ങളുടെ ഉല്പന്നങ്ങൾ ലിസ്റ്റ് ചെയ്യുക
- ലൈവ് ആയി ഇന്ത്യയിൽ ഉടനീളമുള്ള ബയർസുമായി കണക്ട് ചെയ്യുക

ഒരിക്കൽ ഓമ്ബോർഡ് ചെയ്തു കഴിഞ്ഞാൽ, നിങ്ങൾക്ക് സെല്ലർ ആപ്ലിക്കേഷനിലേക്ക് പ്രവേശനം ലഭിക്കും, അവിടെ നിങ്ങൾക്ക് ഓൺലൈൻ ഓർഡറുകളും പേമന്റുകളും എളുപ്പത്തിൽ കൈകാര്യം ചെയ്യാനും ട്രാക്ക് ചെയ്യാനും നിങ്ങളുടെ ഇൻവെന്ററി അപ്ഡേറ്റ് ചെയ്യാനും കഴിയും.


ഇതിനകം തന്നെ ഞാൻ ഓൺലൈനിൽ വില്പനനടത്തുന്നുണ്ട്, ഞാൻ കൊടുക്കുന്നത് 20-30% കമ്മീഷനാണ്. ഞാൻ ഒഎൻഡിസി നെറ്റ്‌വർക്കിൽ ചേർന്നാൽ എനിക്ക് എത്രത്തോളമാണ് നൽകേണ്ടി വരിക?
അതു കൊള്ളാം! എന്നാൽ കൂടുതൽ കസ്റ്റമർസിൽ എത്തുന്നതിന് ഒഎൻഡിസി നെറ്റ്‌വർക്ക് എങ്ങനെയാണ് എന്നെ സഹായിക്കുക?
നിങ്ങൾ ഏത് സെല്ലർ നെറ്റ്‌വർക്ക് പാർട്ടിസിപന്റിനൊപ്പമാണ് ചേരാൻ തീരുമാനിക്കുന്നത് എന്നതിനെയും നിങ്ങൾ പരസ്പരം സമ്മതിക്കുന്ന വാണിജ്യ വ്യവസ്ഥകളെയും ആശ്രയിച്ചിരിക്കും കമ്മീഷൻ, അത് 5-20% വരെയാകാം.
നിങ്ങളെ ഓൺബോർഡ് ചെയ്തുകഴിഞ്ഞാൽ, നെറ്റ്‌വർക്കിലുള്ള എല്ലാ ബയർസിനും നിങ്ങളുടെ ഉല്പന്ന കാറ്റലോഗ് കാണാൻ കഴിയും. പേടിഎം, ക്രാഫ്റ്റ്സ്‌വില്ല, സ്പൈസ്മണി, പിൻകോഡ് (ബൈ ഫോൺപേ), മാജിക്പിൻ പോലെയുള്ള ഷോപ്പിംഗ് ആപ്ലിക്കേഷൻസിലുള്ള ഇന്ത്യയിലെമ്പാടുമുള്ള ബയർസിന് നിങ്ങളുടെ ഉല്പന്നങ്ങൾ ഓൺലൈനിൽ വാങ്ങാൻ കഴിയും.


ഞങ്ങളുടെ പേമന്റുകൾ എവിടെയാണ് ലഭിക്കുക?
നിങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് പേമന്റ് എത്തും. ഓർഡർ പൂർത്തിയാക്കി 3-7 ദിവസത്തിനകം, സെല്ലർ നെറ്റ്‌വർക്ക് പാർട്ടിസിപ്പന്റുമൊ ത്തുള്ള നിങ്ങളുടെ വാണിജ്യ വ്യവസ്ഥ കൾ പ്രകാരം, നിങ്ങൾക്കത് ലഭിക്കും.
അതു നല്ലതായി തോന്നുന്നു! എന്നാൽ എന്റെ ബിസിനസ് മറ്റൊ രാൾ മുഖേനനട ത്തപ്പെടാൻ ഞാനാ ഗ്രഹിക്കുന്നില്ല!
നിങ്ങൾക്ക് അങ്ങനെചെയ്യേ ണ്ടിവരില്ല! നിങ്ങൾക്ക് സ്വന്തം സ്റ്റോക്ക് നിയന്ത്രിക്കാം, ഏത് ബയർക്കാണ് വിൽക്കേണ്ട തെന്നു തീരുമാനിക്കാം, വിലയും ഡിസ്കൗണ്ടും നിശ്ച യിക്കാം, എല്ലാം നിങ്ങളുടെ സ്നവന്തം വ്യവസ്ഥകളിൽ. നിങ്ങൾക്ക് അത് സ്വന്തമായി ഷിപ് ചെയ്യാനും കഴിയും!

nിങ്ങളുടെ സേവനത്തിൽ എനിക്കു സന്തോഷമില്ലെങ്കിൽ ഞാൻ എന്താണ് ചെയ്യുക? നിങ്ങൾ എന്നെ ഓൺബോർഡ് ചെയ്ത നിലയ്ക്ക് ഞാൻ നിങ്ങൾക്കൊപ്പം കുടുങ്ങിപ്പോകുമോ?




നിങ്ങളുടെ അനുഭവം സുഗമവും സങ്കീർണ്ണതകളില്ലാത്തതുമാണെന്ന് ഉറപ്പാക്കാൻ ഞങ്ങൾ കഴിയുന്നതെല്ലാം ചെയ്യും. എങ്കിലും, വ്യത്യസ്തമായ ഒരു സെല്ലർ ആപ്ലിക്കേഷനിലേക്ക് നിങ്ങൾ മാറാൻ തീരുമാനിച്ചാൽപ്പോലും, നിങ്ങളുടെ കസ്റ്റമർസുമൊത്തുള്ള നിങ്ങളുടെ ബിസിനസ് റേറ്റിംഗുകളും വിശ്വാസ്യതയും മാറ്റമില്ലാതെ തുടരും. നെറ്റ്‌വർക്ക് മുഖേനനിങ്ങളുടെ ഉല്പന്ന കാറ്റലോഗ് നിലനിർത്തുകയും ചെയ്യും, അതിന്റെ ഫലമായി നിങ്ങൾക്ക് വീണ്ടും അത് തയ്യാറാക്കേണ്ട ആവശ്യം നേരിടുകയില്ല.

### ഓർഡർ പ്രാവർത്തികമാക്കേണ്ടത് എങ്ങനെയാണ്?

സെല്ലർ ആപ്ലിക്കേഷന്റെ ഡാഷ്ബോർഡിൽ വില്പനക്കാർക്ക് ഓർഡർ അറിയിപ്പ് ലഭിക്കും. സ്റ്റോക്ക് ലഭ്യതയും മറ്റു പരിഗണനകളും പ്രകാരം ഓർഡർ സ്വീകരിക്കണോ നിരസിക്കണോ എന്നു തിരഞ്ഞെടുക്കാൻ അവർക്കു കഴിയും.

### പാക്കേജിംഗ് മാർഗ്ഗനിർദ്ദേശങ്ങൾ:

- കരുത്തുള്ള ഒരു ബാഹ്യ പാക്കേജിംഗ് മെറ്റീരിയൽ ഉപയോഗിക്കുക
- പരമാവധി സംരക്ഷണത്തിന് നിങ്ങളുടെ ഉല്പന്നങ്ങൾ ബബിൾ റാപ് ചെയ്യുക
- കൃത്യമായ പാക്കേജിന്മേൽ ശരിയായ ഷിപ്പിംഗ് ലേബൽ പതിക്കുക
- പാക്കേജിൽ ഓർഡർ ഇൻവോയ്സ് വയ്ക്കുക
- ആവശ്യമായിടങ്ങളിൽ 'ഫ്രാഗൈൽ' ലേബൽ പതിക്കുക




ഹരി പുഞ്ചിരിയോടെ ഓൺബോർഡ് ചെയ്യാൻ പല വില്പനക്കാരെയും സഹായിക്കുന്നു.ഫലപ്രദമായ ആ വൈകുന്നേരം ആയപ്പോഴേക്കും, സുരേഷും കമലയും സന്തോഷത്തോടെ വീട്ടിലേക്കു മടങ്ങുന്നു, സർക്കാർ പിന്തുണയുള്ള ഒരു ഉദ്യമമായ ഒഎൻഡിസി തങ്ങളുടെ പ്രശ്നങ്ങൾ പരിഹരിച്ചേക്കും എന്ന ഉറച്ച പ്രതീക്ഷയുമായി.

ഇന്ന്, സുരേഷ് വിജയകരമായ ഒരു ഓൺലൈൻ ബിസിനസ് വടത്തുകയാണ്.




കസ്റ്റമർസിന് ഉല്പന്നം സുരക്ഷിതമായി ഡെലിവർ ചെയ്യുന്ന ഒരു ലോജിസ്റ്റിക് സേവനദാതാവിനൊപ്പമാണ് അയാൾ പ്രവർത്തിക്കുന്നത്. 7 - 10 പ്രവൃത്തി ദിവസങ്ങൾക്കു ശേഷം, അയാൾക്ക് തന്റെ പേമന്റ് ലഭിക്കുന്നു.

ഇപ്പോൾ, കമലയും വിൽക്കുന്നത് ഒഎൻഡിസി നെറ്റ്‌വർക്ക് വഴിയാണ്. മുൻപെന്നത്തെക്കാളും അധികം ബിസിനസ് അവൾക്കു കിട്ടുന്നുണ്ട്.



അവളുടെ ജോലി പൂർത്തിയാക്കിക്കഴിഞ്ഞ്, ഒരു മാറ്റത്തിനുവേണ്ടി അവൾ ഒരു ടീ സ്റ്റാൾ സന്ദർശിക്കുന്നു. അവിടെ സംസാരിച്ചുകൊണ്ടിരിക്കുന്ന സുരേഷിനെയും രാജുവിനെയും അവൾ കാണുന്നു.




സുരേഷും, രാജുവും കമലയും ആഹ്ലാദം പ്രകമാക്കുന്നു

## സെല്ലർ നെറ്റ്‌വർക്ക് പാർട്ടിസിപ്പന്റ്സ്

ഒഎൻഡിസി നെറ്റ്‌വർക്കിൽ രജിസ്റ്റർ ചെയ്യാനും ഓൺബോർഡ് ചെയ്യാനും നിങ്ങളെ സഹായിക്കും, അവിടെ നിങ്ങളുടെ ഉല്പന്നങ്ങൾ ഓൺലൈനിൽ വിൽക്കാൻ നിങ്ങൾക്കു കഴിയും.

bitsila · BIZOM · Craftsvilla · DIGIIT · eSamudaay · GOFRUGAL · ITCstore.in · Mystore · nStore · sellerapp · snapdeal · U SHOP · WOW SKIN SCIENCE

## ബയർ നെറ്റ്‌വർക്ക് പാർട്ടിസിപ്പന്റ്സ്

ഈ ആപ്ലിക്കേഷനുകളിൽ നിന്നുള്ള ബയർസിന് ഒഎൻഡിസി നെറ്റ്‌വർക്ക് വഴി നിങ്ങൾ ഓൺലൈനിൽ വിൽക്കുന്ന ഉല്പന്നങ്ങൾ കൈവരിക്കാൻ കഴിയും.

Paytm · Mystore · Craftsvilla · Spice money · magicpin · Pincode

## ലോജിസ്റ്റിക്സ് സർവീസ് ദാതാക്കൾ

നിങ്ങളുടെ ഉല്പന്നങ്ങൾ ഉപഭോക്താക്കൾക്ക് വിതരണം ചെയ്യിക്കുന്നതിന് ലോജിസ്റ്റിക് സേവന ദാതാക്കളുടെ വിപുലമായ ഒരു നിരയിൽ നിന്ന് നിങ്ങളുടെ സ്വന്തം ഡെലിവറി സേവന വ്യവസ്ഥകൾ നിങ്ങൾക്ക് തിരഞ്ഞെടുക്കാൻ കഴിയും.

DELHIVERY · DUNZO · ekart · Grab · LOADSHARE · Shiprocket



## ഈ ഒഎൻഡിസി നെറ്റ്‌വർക്ക് 236 നഗരങ്ങളിൽ നിന്നുള്ള 35,000+ സെല്ലർസിനൊപ്പം ലൈവ് ആണ്

**8**

**ബയർ**
നെറ്റ്‌വർക്ക്
പാർട്ടിസിപ്പന്റ്സ്

**29**

**സെല്ലർ**
നെറ്റ്‌വർക്ക്
പാർട്ടിസിപ്പന്റ്സ്

**6**

**ലോജിസ്റ്റിക്സ്**
സർവീസ്
ദാതാക്കൾ

**38**


ONDC യിൽ
**ലക്ഷം** + ഉല്പന്നങ്ങൾ
ലഭ്യമാണ്


*സ്ഥിതിവിവരക്കണക്ക് – മേയ് 2023 പ്രകാരം

ഒഎൻഡിസി നെറ്റ്‌വർക്ക്
ഉല്പന്ന വിഭാഗങ്ങളിലും
നഗരങ്ങളിലും ഉടനീളം
അതിവേഗം
വികസിക്കുകയാണ്

**#വോക്കൽഫോർലോക്കൽ**

**#ആത്മനിർഭർഭാരത്**





## ഒഎൻഡിസി നെറ്റ്‌വർക്ക് മുഖേനഓൺലൈനിൽ വില്പനനടത്താൻ തുടങ്ങാൻ റെഡിയാണോ?

ഒരു സെല്ലർ നെറ്റ്‌വർക്ക് പാർട്ടിസിപ്പന്റുമായി കണക്ട് ചെയ്യുക

സെല്ലർ നെറ്റ്‌വർക്ക് പാർട്ടിസിപ്പന്റ്സ് കാണുന്നതിന് സ്കാൻ ചെയ്യുക
https://ondc.org/network-participants

---

ഒഎൻഡിസി നെറ്റ്‌വർക്ക് വഴി വിൽക്കുന്ന ഇന്ത്യയിൽ ഉടനീളമുള്ള മറ്റ് വില്പനക്കാരെ കാണുന്നതിന്
സന്ദർശിക്കൂ www.ondc.org/seller

ഓപ്പൺ നെറ്റ്‌വർക്ക് ഫോർ ഡിജിറ്റൽ കൊമേഴ്സ് © 2023

**DPIIT, ഭാരത സർക്കാർ മുഖേനയുള്ള ഒരു ഉദ്യമം**

കൂടുതൽ വിവരങ്ങൾക്ക്, ഞങ്ങളെ ഇവിടെ ബന്ധപ്പെടുക:
team@ondc.org

**നിരാകരണം:** ഈ കൈപ്പുസ്തകം കാണുന്നയാളിന് അറിവു നൽകാൻ വേണ്ടി മാത്രമാണ്. ഈ കൈപ്പുസ്തകത്തിലുള്ള യാതൊന്നും നിയമാനുസൃത അഭിപ്രായം അല്ലെങ്കിൽ ഉപദേശം അല്ലെങ്കിൽ നികുതി ഉപദേശമായി വ്യാഖ്യാനിക്കപ്പെടുകയില്ല. ഈ കൈപ്പുസ്തകത്തിൽ അടങ്ങുന്ന വിവരങ്ങളുടെ സമ്പൂർണ്ണത അല്ലെങ്കിൽ കൃത്യത സംബന്ധിച്ച് ഓപ്പൺ നെറ്റ്‌വർക്ക് ഫോർ ഡിജിറ്റൽ കൊമേഴ്സ് ("ഒഎൻഡിസി") എന്തെങ്കിലും അവകാശവാദം നടത്തുകയോ എന്തെങ്കിലും ഉറപ്പുകളോ വാറന്റികളോ നൽകുകയോ ചെയ്യുന്നില്ല. ഈ കൈപ്പുസ്തകത്തിൽ അടങ്ങുന്ന വിവരങ്ങൾ കാണുന്നയാൾ ഉപയോഗിക്കുന്നതിന്റെ ഫലമായി കാണുന്നവർക്ക്/യാൾക്ക് അല്ലെങ്കിൽ കാണുന്നവരുടെ/യാളിന്റെ അഫിലിയേറ്റ്സിന് ഉണ്ടാകുന്ന എന്തെങ്കിലും നഷ്ടങ്ങൾ, പരിണിതഫലമായ, പ്രത്യേക അല്ലെങ്കിൽ സമാനമായ ഹാനികൾ, അവകാശവാദങ്ങൾ (നികുതി അതോറിറ്റികൾ മുഖേനയുള്ള അവകാശവാദങ്ങൾ ഉൾപ്പെടെ എന്നാൽ അതിൽ പരിമിതപ്പെടാതെ), കോടതി ഉത്തരവുകൾ/ഡിക്രികൾ അല്ലെങ്കിൽ ഏതെങ്കിലും സർക്കാർ ഏജൻസി അല്ലെങ്കിൽ അതോറിറ്റി മുഖേനയുള്ള എന്തെങ്കിലും നടപടി സ്വീകരിക്കുന്നത് ഉൾപ്പെടെ (എന്നാൽ അതിൽ പരിമിതപ്പെടാതെ) ഉള്ളവയ്ക്ക് ഒഎൻഡിസി (അതിന്റെ കൺസൾട്ടന്റുകൾ, ഉപകരാറുകാർ, ജീവനക്കാർ, ഡയറക്ടർമാർ തുടങ്ങിയവർ ഉൾപ്പെടെ) ഉത്തരവാദികളോ ബാധ്യസ്ഥരോ ആകുന്നതല്ല.